روضة الخطباء
റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്
sufaraulislam.com
09/09/2022

# മതപരമായ ഭയം വിശ്വാസമാണ്.

بسم الله الرحمن الرحيم

- **ഭയം പ്രധാനമായും രണ്ട വിധത്തിലുണ്ട്.**
- **ഐഹീകരമായ ഭയവും, മതപരമായ ഭയവും.**

ശത്രുവിനെക്കുറിച്ചുള്ള ഭയം, മൃഗങ്ങളെ ഭയപ്പെടുന്ന, രോഗം, പട്ടിണി ഇങ്ങനെ പല തരത്തിലുള്ള ഭയം മനുഷ്യനെ പിടികൂടാറുണ്ട്.

ഇതെല്ലാം ഐഹീകമായ ഭയമാണ്.

- **എന്നാൽ മതപരമായ ഭയം എന്നത് ഇബാദത്തിന്റെ ഭാഗമാണ്.**
- **മതപരമായ ഭയത്തിന്റെ തലങ്ങൾ.**

## الخوف من الله

1. **അല്ലാഹുവിനോടുള്ള ഭയം.**

- ഒരു വിശ്വാസി എന്തിനാണ് അല്ലാഹുവിനെ ഭയക്കുന്നത്. ?
- ദുനിയാവിലെ പലതിനെയും പേടിക്കുന്നതു പോലെയല്ല അല്ലാഹുവോടുള്ള ഭയം.
- ഈ ദുനിയാവിൽ നമുക്ക് വേണ്ടതെല്ലാം ഒരുക്കി തന്ന പടച്ച തമ്പുരാനോട് ഞാൻ നന്ദി കേട് കാണിക്കുന്നവനാണോ എന്ന ഭയം.
- അത് സ്നേഹത്തിൽ നിന്നും ഉണ്ടകേണ്ട ഭയമാണ്.
- നമ്മെ ശിക്ഷിക്കാനും രക്ഷിക്കാനും, അനുഗ്രഹം നൽകാനും നീക്കം ചെയ്യാനുമെല്ലാം കഴിയുന്നവനാണ് അല്ലാഹു.
- അള്ളാഹു ഉന്നതനാണ്. എല്ലാത്തിനും കഴിവുള്ളവനാണ്.

وَيُحَذِّرُكُمُ ٱللَّهُ نَفۡسَهُۥۗ وَإِلَى ٱللَّهِ ٱلۡمَصِيرُ (سورة آل عمران ٢٨)

## الخوف من عذاب الله

## 2. അല്ലാഹുവിന്റെ ശിക്ഷയെ ഭയക്കുക

نَبِّئْ عِبَادِي أَنِّي أَنَا الْغَفُورُ الرَّحِيمُ ﴿٤٩﴾ وَأَنَّ عَذَابِي هُوَ الْعَذَابُ الْأَلِيمُ ﴿٥٠﴾ (سورة الحجر ٤٩-٥٠)

- അല്ലാഹുവിന്റെ ശിക്ഷകൾ ദുനിയാവിലും പരലോകത്തുണ്ട്.
- നരകത്തിന്റെ ഭീകരതകൾ നാം മനസ്സിലാക്കണം.

## الخوف من عدم قبول الحسنة

## 3. നന്മകൾ സ്വീകരിക്കപ്പെടാതെ പോകുമോ എന്ന ഭയം.

عن عائشة رضي الله عنها قالت: سَأَلْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ عَنْ هَذِهِ الْآيَةِ : ( وَالَّذِينَ يُؤْتُونَ مَا آتَوْا وَقُلُوبُهُمْ وَجِلَةٌ) قَالَتْ عَائِشَةُ : أَهُمْ الَّذِينَ يَشْرَبُونَ الْخَمْرَ وَيَسْرِقُونَ ؟ قَالَ : لَا يَا بِنْتَ الصِّدِّيقِ ! وَلَكِنَّهُمْ الَّذِينَ يَصُومُونَ وَيُصَلُّونَ وَيَتَصَدَّقُونَ وَهُمْ يَخَافُونَ أَنْ لَا يُقْبَلَ مِنْهُمْ أُولَئِكَ الَّذِينَ يُسَارِعُونَ فِي الْخَيْرَاتِ (رواه الترمذي)

ആയിഷ നിന്ന് നിവേദനം ഞാൻ അല്ലാഹുവിന്റെ റസൂലിനോട് ഈ വചനത്തിൽ സംബന്ധിച്ച് ചോദിച്ചു : (രക്ഷിതാവിങ്കലേക്ക് തങ്ങൾ മടങ്ങിച്ചെല്ലേണ്ടവരാണല്ലോ എന്ന് മനസ്സിൽ ഭയമുള്ളതോടു കൂടി തങ്ങൾ ദാനം ചെയ്യുന്നതെല്ലാം ദാനം ചെയ്യുന്നവരും) ആയിഷ ചോദിച്ചു അവർ മദ്യപിക്കുന്ന ഓരോ മോഷ്ടിക്കുന്നവരോ ആണോ? റസൂൽ പറഞ്ഞു അല്ല സിദ്ദിഖിന്റെ മകളെ, എന്നാൽ അവർ നോമ്പും നിസ്കാരവും ദാനധർമങ്ങളും ചെയ്യുന്നവരാണ് അതോടൊപ്പം കർമ്മങ്ങൾ സ്വീകരിക്കപ്പെടാതിരിക്കുമോ എന്ന് അവർ ഭയപ്പെടുന്നു.

أُولَئِكَ يُسَارِعُونَ فِي الْخَيْرَاتِ وَهُمْ لَهَا سَابِقُونَ

## الخوف من إثم السيئة

## 4. ചെയ്തുപോയ തെറ്റുകളെ സംബന്ധിച്ചുള്ള ഭയം.

- ബനൂ ഇസ്രാഈല്യരിൽ ഒരാൾ മരണത്തിനു മുൻപ് വസിയ്യത്ത് ചെയ്തത് തന്റെ ശരീരം കത്തിച്ച് ശക്തമായ കാറ്റ് വീശുമ്പോൾ സമുദ്രത്തിൽ വിതറാൻ....

- പാപങ്ങൾ വർദ്ധിച്ചത് കാരണമാണ് അയാൾ അപ്രകാരം ചെയ്യാൻ പറഞ്ഞത്.
- അയാൾക്ക് അല്ലാഹു മാപ്പുനൽകി.
- നൂറ് പേരെ കൊന്ന മനുഷ്യന്റെ സംഭവം ഇവിടെ പ്രസക്തമാണ്.

## الخوف من وقوع السيئة مستقبلا

### 5. ഭാവിയിൽ തിന്മയിൽ അകപ്പെട്ടുമോ എന്ന ഭയം.

- പ്രത്യേകിച്ച് ശിർക്ക്, കുഫ്ർ, ബിദ്അത്ത്
- ഇബ്രാഹിം നബിയുടെ പ്രാർഥന.

وَإِذْ قَالَ إِبْرَاهِيمُ رَبِّ اجْعَلْ هَٰذَا الْبَلَدَ آمِنًا وَاجْنُبْنِي وَبَنِيَّ أَن نَّعْبُدَ الْأَصْنَامَ ﴿٣٥﴾ رَبِّ إِنَّهُنَّ أَضْلَلْنَ كَثِيرًا مِّنَ النَّاسِ ۖ فَمَن تَبِعَنِي فَإِنَّهُ مِنِّي ۖ وَمَنْ عَصَانِي فَإِنَّكَ غَفُورٌ رَّحِيمٌ ﴿٣٦﴾

- തൗഹീദിന്റെ പടനായകനായ ഇബ്രാഹിം
- ജീവിതം മുഴുവൻ തൗഹീദിന് വേണ്ടി ചെലവഴിച്ച ഇബ്രാഹിം
- തൗഹീദിന് വേണ്ടി സ്വന്തം കുടുംബവും നാട്ടും ഒഴിവാക്കേണ്ടിവന്ന ഇബ്രാഹിം
- തൗഹീദ് പറഞ്ഞതിന് അഗ്നിയിലേക്ക് എറിയപ്പെടേണ്ടി വന്ന ഇബ്രാഹിം...
- എന്നിട്ടും അദ്ദേഹം വാർദ്ധക്യ അവസ്ഥയിൽ ശിർക്കിനെ ഭയക്കുന്നു.
- ഭൂമിയിൽ സംഭവിച്ച എറ്റവും വലിയ തിന്മയും, ഏറ്റവും വലിയ ശിക്ഷക്ക് കാരണവും: ശിർക്

◆ **ശിർക് ഏറ്റവും വലിയ തിന്മയാകാനുള്ള കാരണങ്ങൾ :**

✓ മുശ്രിക് അല്ലാഹുവിനെ കുറച്ച് കാണിക്കുന്നു.

✓ അല്ലാഹുവിനോടുള്ള تعظيم കുറഞ്ഞവനാണ്.

ഉദാ: നമ്മൾ ശമ്പളവും മറ്റു ആനുകൂല്യങ്ങളും കൊടുത്തു നിർത്തിയിരിക്കുന്ന ഒരു പണിക്കാരൻ നമുക്കുവേണ്ടി പണിയെടുക്കാതെ മറ്റൊരാൾക്ക് വേണ്ടി പണിയെടുത്താൽ ആരാണ് അയാളെ ഇഷ്ടപ്പെടുക.

◆ **എറ്റവും വലിയ معاند ധാർഷ്ട്യക്കാരനാണ് മുശ്രിക്ക് .**

അല്ലാഹ്ഹ ലളിതമായ ഒരു കാര്യം ആവശ്യപ്പെട്ടിട്ടും അത് സമ്മതിക്കാത്തവൻ

◆ **എറ്റവും വലിയ ظلم ശിർക്ക്**

﴿إن الشرك لظلم عظيم﴾

- മനുഷ്യരിലെ അധിപ്ര ധാനിയും, ബുദ്ധിമാനും, ധനികനും, കരുത്തനുമായ ഒരാളെ ദുർബലനും, ദരിദ്രനും, വിഡ്ഢിയും ആയ ഒരാളോട് ഉപമിച്ചാൽ അക്രമമല്ലേ!
- എങ്കിൽ എങ്ങനെയാണ് അൽ മലികുൽ ജബ്ബാർ ആയ അല്ലാഹ്ഹവിനോട് ദുർബലരായ സൃഷ്ടികളോട് ആരാധനയിൽ സമ പെടുത്തുക.

◆ **ضلال محض**

ശിർക് തനിച്ച വഴികേട് മാത്രം. ഹൃദയം അങ്ങേ അറ്റം ഫസാദായി എന്നതിന് തെളിവാണ്.

تَاللَّهِ إِن كُنَّا لَفِي ضَلَالٍ مُّبِينٍ ﴿٩٧﴾ إِذْ نُسَوِّيكُم بِرَبِّ الْعَالَمِينَ ﴿٩٨﴾ (سورة الشعراء٩٧- ٩٨)

- മറ്റ് തിന്മകൾക്ക് شهوة ന്റെ സ്വാധീനം ഉണ്ടായേക്കാം. കാരണങ്ങൾ ഉണ്ടായേക്കാം.ഉദാ: മദ്യം, വ്യഭിചാരം, മോഷണം....
- അള്ളാഹ്ഹ മനുഷ്യരെ സൃഷ്ടിച്ചത് തൗഹീദിന്റെ فطرة ലാണ്. അത് മാറ്റിക്കളഞ്ഞവനാണ് മുശ്രിക്ക്.
- അല്ലാഹ്ഹവിനു മാത്രം ഇബാദത്ത് ചെയ്യുന്നതിന്റെ ആസ്വാദനം അറിയാതെ പോയവനാണ് മുശ്രിക്കു.

**ഏറ്റവും വലിയ ശിക്ഷ ശിർക്കിന്.**

1. **ശിർക്ക് പൊറുക്കപ്പെടില്ല.**

- എറ്റവും احكم സുഭദ്രവും, اخوف ഭീതിതവും, തൗഹീതിന്റെ ആളുകൾക്ക് എറ്റവും ارجى പ്രതീക്ഷ നൽകുന്നതുമായ  വചനം.

إِنَّ اللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَاءُ ۚ وَمَن يُشْرِكْ بِاللَّهِ فَقَدِ افْتَرَىٰ إِثْمًا عَظِيمًا ﴿٤٨﴾ (سورة النساء ٤٨)

**2. കർമങ്ങൾ മുഴുവനും നിഷ്ഫലം.**

**3. സ്വർഗം നിഷിദ്ധം, നരകം നിർബന്ധം.**

ഇങ്ങനെയാണ് ശിർക്കിന്റെ അവസ്ഥയെങ്കിൽ പേടിക്കേണ്ടതില്ലേ!!

എഴുപത്, എമ്പത് വർഷം നന്മകളുമായി ജീവിച്ച ഒരാൾ മരണത്തിനു മുൻപ് ശിർക് ചെയ്താൽ...

**ശിർക്എന്തന്നു അറിയാത്തവൻ ശിർക്കിനെ പേടിക്കാൻ കഴിയില്ല.**

**ഉമർ (റ )പറഞ്ഞു :**

قالَ عُمَرُ بْنُ الخَطّابِ:إنَّما تُنْقَضُ عُرى الإسْلامِ عُرْوَةً عُرْوَةً، إذا نَشَأ فِي الإسْلامِ مَن لا يَعْرِفُ الجاهِلِيَّةَ.

"ജാഹിലിയ്യത്ത് എന്തെന്നറിയാത്തവൻ ഇസ്ലാമിൽ വളരുമ്പോഴാണ് ഇസ്ലാമിന്റെ കയറുകൾ ഓരോന്നോരോന്നായി പിരിയഴിയുന്നത് "

ശിർക്കിനെ അങ്ങേയറ്റം വെറുക്കാനും നമുക്ക് കഴിയണം.

---

- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+൯൭൪൫൫൨൭൭൮൪൦) ഈ നമ്പറിൽ ബന്ധപ്പെടുക.
- ഖുത്തുബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:

https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA

ഇതു വരെയുള്ള എല്ലാ ഖുത്തുബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.